compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2023 ഡിസംബർ 19
**Tuesday, 19th December 2023**

1199 ധനു 3
**3rd Dhanu 1199**

1945 അഗ്രഹായനം 28
**28th Agrahayana 1945**

വാല്യം 12
**Vol. XII**

നമ്പർ / **No.** **51**

## Part III

# Fisheries and Ports Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>പരസ്യം</u>

നമ്പർ DDFKTM/23/2022-D. 2022 ഫെബ്രുവരി 1.

വൈക്കം താലൂക്കിൽ നടുവിലെ വില്ലേജിൽ കോഴിക്കാട്ട് വീട്ടിൽ ശ്രീ. കുഞ്ഞൻ നാരായണന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന കുരിശുമാട് ഊന്നിപ്പാടിലെ 48 നമ്പർ ഊന്നി ടിയാന്റെ മരണശേഷം ടിയാന്റെ മകനായ ശ്രീ. മോഹനൻ, കെ. എൻ.-ന് പിന്തുടർച്ചാവകാശമായി സിദ്ധിച്ചിട്ടുള്ളതും ആയത് വൈക്കം സബ് രജിസ്ട്രാർ ഓഫീസിലെ 24-6-2008-ലെ 2000/2008 നമ്പർ ആധാരപ്രകാരം ശ്രീ. മോഹനൻ, കെ.എൻ.-ന്റെ പേരിലേക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. ടി ഊന്നിയുടെ ഉടമസ്ഥാവകാശം ശ്രീ. മോഹനൻ, കെ. എൻ.-ന്റെ പേരിലേക്ക് മാറ്റി കരം തീരുവ ഒടുക്കുന്നതിനുവേണ്ടി ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിന് ആർക്കെങ്കിലും എതിർപ്പുള്ളപക്ഷം ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ച് 60 ദിവസത്തിനുള്ളിൽ ഈ ഓഫീസിൽ രേഖാമൂലം പരാതി നൽകാവുന്നതാണ്.

അപ്രകാരം നിശ്ചിത സമയത്തിനകം പരാതികൾ ഒന്നും ലഭിക്കാത്തപക്ഷം ശ്രീ. മോഹനൻ, കെ. എൻ., കോഴിക്കാട്ട്, പോളശ്ശേരി, വൈക്കം എന്നയാളുടെ പേരിൽ കുരിശുമാട് ഊന്നിപ്പാടിയിലെ 48 നമ്പർ ഊന്നിയുടെ കരം തീരുവ മാറ്റി നൽകുന്നതാണെന്ന് വിജ്ഞാപനം ചെയ്തുകൊള്ളുന്നു.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
കോട്ടയം.

(ഒപ്പ്)
ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# പരസ്യം

നമ്പർ DDFKTM/22/2022-D. 2022 ഫെബ്രുവരി 1.

വേമ്പനാട്ടുകായലിൽ സർവ്വേ നമ്പർ 134/1-ൽ 340 ഏക്കർ 26 സെന്റിൽപ്പെട്ട ആറ്റുമുഖത്ത് വടക്ക് ഊന്നിപ്പാടിൽ 35-ാം നമ്പർ ഊന്നിയുടെ ഉടമസ്ഥനായ ശ്രീ. അയ്യപ്പൻ കുഞ്ഞൻ ഒരുളത്തറ എന്നയാൾ കൊല്ലവർഷം 1124-ൽ (1948) 2177-ാം നമ്പർ തീറാധാരപ്രകാരം നാഗമ്പൂഴിക്കാട് കാളിയുടെ പേരിൽ ടി ഊന്നി വൈക്കം സബ് രജിസ്ട്രാർ ഓഫീസ് വഴി രജിസ്റ്റർ ചെയ്ത് നൽകിയിട്ടുള്ളതാണ്. ടി ഊന്നി ശ്രീമതി കാളി നാഗാമ്പുഴിക്കാട്ട് വൈക്കം സബ് രജിസ്ട്രാർ ഓഫീസിലെ 1960-ലെ 333-ാം നമ്പർ ആധാരപ്രകാരം ശ്രീ. കാർത്തികേയൻ, കുറുപ്പന്തറ എന്നയാൾക്ക് രജിസ്റ്റർ ചെയ്തു നൽകിയിട്ടുണ്ട്. ശ്രീ. കാർത്തികേയൻ 17/10/2003-ലെ 89/111/23 നമ്പർ വിൽപത്രപ്രകാരം 35-ാം നമ്പർ ഊന്നിയിലെ അരവല ടിയാന്റെ മകനായ മുരളി, കിഴക്കെകുറുപ്പന്തറയ്ക്ക് രജിസ്റ്റർ ചെയ്തു നൽകിയിട്ടുള്ളതാണ്. വൈക്കം സബ് രജിസ്ട്രാർ ഓഫീസിലെ 20/03/2009- ലെ 611/1/2009 നമ്പർ തീറാധാരപ്രകാരം ശ്രീ. മുരളി, കുറുപ്പന്തറ ആറ്റുമുഖത്ത് വടക്ക് ഊന്നിപ്പാടിലെ 35-ാം നമ്പർ ഊന്നിയിലെ അരവല ശ്രീമതി മിനി ജയന്തകുമാർ കുറുപ്പന്തറ (മൽസ്യ തൊഴിലാളി ക്ഷേമനിധി അംഗത്വ നമ്പർ 5032) യ്ക്ക് രജിസ്റ്റർ ചെയ്തു നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ടി ഊന്നി ശ്രീമതി മിനി ജയന്തകുമാർ, കുറുപ്പന്തറയുടെ പേരിലേയ്ക്ക് പോക്കുവരവ് ചെയ്ത് കരം കൊടുക്കുന്നതിനുവേണ്ടി ടിയാൾ സൂചന പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഊന്നിവലയിൽ മറ്റാർക്കും അവകാശം ഇല്ല എന്ന് അപേക്ഷകൻ അറിയിച്ചിട്ടുള്ളതും ആയതിന് വിരുദ്ധമായി ആർക്കെങ്കിലും അവകാശമോ തർക്കമോ ഉള്ളപക്ഷം ആവശ്യമായ രേഖകൾ സഹിതം ഈ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി അറുപത് ദിവസത്തിനകം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

60 ദിവസത്തിനുശേഷം പരാതികളോ തർക്കങ്ങളോ ഇല്ലാത്തപക്ഷം കേരള ഉൾനാടൻ ഫിഷറീസ് ആന്റ് അക്വാകൾച്ചർ ആക്ട് പ്രകാരം പ്രസ്തുത ഊന്നി ശ്രീമതി മിനി ജയന്തകുമാർ കുറുപ്പന്തറയുടെ പേരിലേയ്ക്ക് പോക്ക് വരവ് ചെയ്ത് കരം ഒടുക്കുന്നതിന് അനുമതി നൽകുന്നതാണെന്ന് അറിയിച്ചുകൊള്ളുന്നു.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്.)
കോട്ടയം. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# പരസ്യം

നമ്പർ DDFKTM/191/2022-D. 2023 ഫെബ്രുവരി 28.

ശ്രീ. ഉൻറിക്കുട്ടൻ, കാട്ടിത്തറ, വൈക്കം എന്നയാളുടെ ഉടമസ്ഥതയിലുണ്ടായിരുന്നതും വേമ്പനാട്ടുകായലിൽ മേച്ചേരിക്കാട് ഊന്നിപ്പടിയിൽ ഒരു സെന്റിന് 40 ചതുരശ്രമീറ്റർ സ്ഥലത്ത് സ്ഥിതി ചെയ്യുന്നതുമായ 25 നമ്പർ ഊന്നി വൈക്കം സിവിൽ കോടതിയിലെ 1962 ഏപ്രിൽ 7 - ലെ 427 നമ്പർ വിധി പ്രകാരം ഉൻറിക്കുട്ടന്റെ മകളായ ചിരുത കുറുമ്പയ്ക്ക് ലഭിച്ചിട്ടുള്ളതും വൈക്കം സബ് രജിസ്ട്രാർ ഓഫീസിലെ 1973 ജനുവരി 6- ലെ 6 നമ്പർ ആധാരപ്രകാരം ടി 25 നമ്പർ ഊന്നി കാട്ടിത്തറ, നികർത്തിൽ, കുട്ടൻ പ്രഭാകരന് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുള്ളതുമാണ്. 1976 സെപ്റ്റംബർ 24- ന് വൈക്കം സബ് രജിസ്ട്രാർ ഓഫീസിലെ 3960 നമ്പർ ആധാരപ്രകാരം ടി ഊന്നി നടുവിലെ വില്ലേജ് പടിഞ്ഞാറ്റുചേരി, പടിഞ്ഞാറേമുറിയിൽ, പുളിന്തറ വീട്ടിൽ കുഞ്ഞന്റെ പേരിൽ ശ്രീ. കുട്ടൻ പ്രഭാകരൻ തീരാധാരം രജിസ്റ്റർ ചെയ്തു നൽകിയിട്ടുള്ളതാണ്. 25-05-2002- ൽ വൈക്കം സബ് രജിസ്ട്രാർ ഓഫീസിലെ 47 നമ്പർ ആധാരപ്രകാരം പുളിന്തറ വീട്ടിൽ കുഞ്ഞൻ മേച്ചേരിക്കാട് 25 നമ്പർ ഊന്നി ടിയാന്റെ മകനായ പെരുമാശ്ശേരി വിജയന്റെ പേരിൽ വിൽപ്പത്രം രജിസ്റ്റർ ചെയ്ത് നൽകിയിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ ടി ഊന്നിയുടെ ഉടമസ്ഥാവകാശം ശ്രീ. വിജയന്റെ പേരിലേക്ക് മാറ്റുന്നതിനുവേണ്ടി ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിന് ആർക്കെങ്കിലും എതിർപ്പുള്ളപക്ഷം ഈ വിജ്ഞാപനം പ്രസിദ്ധീകരിച്ച് 60 ദിവസത്തിനുള്ളിൽ ഈ ഓഫീസിൽ രേഖാമൂലം പരാതി നൽകാവുന്നതാണ്.

അപ്രകാരം നിശ്ചിത സമയത്തിനകം പരാതികളൊന്നും ലഭിക്കാത്തപക്ഷം ശ്രീ. പി. കെ. വിജയൻ, പെരുമാശ്ശേരിൽ, വൈക്കം എന്നയാളുടെ പേരിൽ മേച്ചേരിക്കാട് ഊന്നിപ്പാടിലെ 25 നമ്പർ ഊന്നിയുടെ കരം തീരുവ മാറ്റിനൽകുന്നതാണെന്ന് വിജ്ഞാപനം ചെയ്തുകൊള്ളുന്നു.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)

കോട്ടയം. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പരസ്യം

നമ്പർ DDFKTM/25/2022-D. 2022 ജനുവരി 18.

വൈക്കം താലൂക്കിൽ നടുവിലെ വില്ലേജിൽ പടിഞ്ഞാറ്റുചേരി പടിഞ്ഞാറേമുറിയിൽ കണ്ണുവെള്ളിത്തറ നികർത്തിൽ ശ്രീ. കുഞ്ഞൻ അയ്യപ്പന്റെ ഉടമസ്ഥതയിൽ സർട്ടിഫിക്കറ്റ് നമ്പർ 848/87 നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള കുരിശുമാട് ഊന്നിപ്പാടിയിലെ 69 -ാം നമ്പർ ഊന്നി ടിയാന്റെ മകനായ രാജപ്പന്റെ പേരിലേയ്ക്ക് വൈക്കം സബ് രജിസ്ട്രാർ ഓഫീസിൽ 2-12-1975 -ൽ 5363 നമ്പർ ആധാരപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ശ്രീ. രാജപ്പന്റെ മരണശേഷം ടി ഊന്നി ടിയാന്റെ മകനായ കണ്ണുപെള്ളിച്ചിറ രതീഷിന്റെ (മൽസ്യബന്ധനം-8231) പേരിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മേൽസാഹചര്യത്തിൽ ടി ഊന്നി പടിഞ്ഞാറ്റിൻചേരി, പടിഞ്ഞാറേമുറിക്കരയിൽ കണ്ണുവെള്ളിത്തറ വീട്ടിൽ ശ്രീ. രതീഷിന്റെ പേരിലേക്ക് കൈമാറ്റം ചെയ്യുന്നതിന് ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തി 60 ദിവസത്തിനകം ആവശ്യമായ രേഖകൾ സഹിതം ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

ടി തീയതിക്കുള്ളിൽ ആരും ആക്ഷേപം ഉന്നയിക്കാത്തപക്ഷം പ്രസ്തുത ഊന്നിയുടെ ഉടമസ്ഥാവകാശം ശ്രീ. രതീഷിന്റെ പേരിലേക്ക് മാറ്റുന്നതിന് നിരാക്ഷേപപത്രം നൽകുന്നതാണെന്ന് അറിയിച്ചുകൊള്ളുന്നു.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം , (ഒപ്പ്)

കോട്ടയം. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പരസ്യം

നമ്പർ DDFKTM/194/2022-D. 2023 ഏപ്രിൽ 13.

ശ്രീ. അയ്യപ്പൻ കുഞ്ഞൻ, പൊക്കത്തറ, വൈക്കം എന്നയാളുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതും വേമ്പനാട്ടുകായലിലെ പാരുംപുറപാട് ഊന്നിപ്പാടിൽ ഉൾപ്പെട്ടതുമായ 2 നമ്പർ ഊന്നി, 15 നമ്പർ ഊന്നി എന്നിവ വൈക്കം സബ് രജിസ്ട്രാർ ഓഫീസിലെ 1124-ലെ 128 നമ്പർ ആധാരപ്രകാരം കുരിശുതറ നികർത്തിൽ താമസിക്കും ചിറയിൽ നാരായണന്റെ മകൻ ചക്രധരന്റെ പേരിലും സഹോദരി സുമതി എന്നു വിളിക്കുന്ന വസുമതിയുടെ പേരിലും രജിസ്റ്റർ ചെയ്തു നൽകിയിട്ടുള്ളതാണ്. ടി ഊന്നികൾ 26-7-1960-ലെ 3598 നമ്പർ ആധാരപ്രകാരം നടുവിലെ വില്ലേജ് പടിഞ്ഞാറുംചേരി പടിഞ്ഞാറേമുറിയിൽ കമ്മട്ടിത്തറ കോതമകൾ അക്കോയുടെ പേരിലേക്ക് രജിസ്റ്റർ ചെയ്തിട്ടുള്ളതും, ആയതിനുശേഷം 22-11-1984-ന് വൈക്കം സബ് രജിസ്ട്രാർ ഓഫീസിലെ 2962 നമ്പർ ആധാരപ്രകാരം അക്കോയുടെ മകളായ രുദ്രാണിയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. രുദ്രാണിയുടെ മരണശേഷം ടി ഊന്നികൾ രുദ്രാണിയുടെ സഹോദരനും മത്സ്യത്തൊഴിലാളിയുമായ ശ്രീ. സ്വാമിദാസൻ, കമ്മട്ടിത്തറയുടെ പേരിലേക്ക് രുദ്രാണിയുടെ മക്കൾ വൈക്കം സബ് രജിസ്ട്രാർ ഓഫീസിലെ 21-11-2021-ൽ 1722/1/2022 നമ്പർ ധനനിശ്ചയാധാര പ്രകാരം രജിസ്റ്റർ ചെയ്ത് നൽകിയിട്ടുള്ളതാണ്. മേൽസാഹചര്യത്തിൽ ടി ഊന്നികൾ ശ്രീ. സ്വാമിദാസൻ കമ്മട്ടിത്തറയുടെ പേരിലേക്ക് പോക്കുവരവ് ചെയ്ത് ലഭിക്കുന്നതിനുവേണ്ടി ടിയാൻ സൂചനപ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിന് ആർക്കെങ്കിലും എതിർപ്പുള്ളപക്ഷം ആവശ്യമായ രേഖകൾ സഹിതം ഈ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി 60 ദിവസത്തിനകം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

അപ്രകാരം പരാതികൾ ഒന്നുംതന്നെ ലഭിക്കാത്തപക്ഷം അപേക്ഷകന്റെ പേരിൽ ടി ഊന്നികളുടെ കരംതീരുവ മാറ്റി നൽകുന്നതാണെന്ന് വിജ്ഞാപനം ചെയ്ത് കൊള്ളുന്നു.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
കോട്ടയം. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.12.19 03:42:25 +05:30